**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2701** **06-10-2025 - ൽ മറുപടിയ്ക്ക്**

**ആട്ടോമൊബൈൽ ചാർജ്ജിംഗ് ഇൻഫ്രാസ്ട്രക്ചർ നവീകരണത്തിനായുള്ള നടപടികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. എ. സി. മൊയ്തീൻ ,<br>ശ്രീ. കെ. എം. സച്ചിൻദേവ്,<br>ശ്രീ വി കെ പ്രശാന്ത്,<br>ശ്രീ എം എസ് അരുൺ കുമാർ** | | **ശ്രീ . കെ . കൃഷ്ണൻകുട്ടി<br>(വൈദ്യുതി വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്ത് ആട്ടോമൊബൈൽ ചാർജ്ജിംഗ് ഇൻഫ്രാസ്ട്രക്ചർ നവീകരണവുമായി ബന്ധപ്പെട്ട് സർക്കാർ നടത്തിയിട്ടുള്ള ഇടപെടലുകൾ വിലയിരുത്തിയിട്ടുണ്ടോ; വിശദാംശം നൽകുമോ; | (എ) | **കെ.എസ്.ഇ.ബി.എൽ.**<br><br>കെ.എസ്.ഇ.ബി.എൽ. വൈദ്യുതി വാഹന ചാർജിംഗ് സ്റ്റേഷനുകളുടെ സംസ്ഥാന നോഡൽ ഏജൻസി എന്ന നിലയിൽ എല്ലാ ജില്ലകളിലുമായി 63 ഫാസ്റ്റ് ചാർജിംഗ് സ്റ്റേഷനുകളും എല്ലാ നിയോജക മണ്ഡലങ്ങളിലുമായി 1169 പോൾ മൗണ്ടഡ് ചാർജിംഗ് സ്റ്റേഷനുകളും സ്ഥാപിച്ചിട്ടുണ്ട്. വ്യത്യസ്ത കേന്ദ്ര-സംസ്ഥാന സ്കീമുകളിൽ ഉൾപ്പെടുത്തിയാണ് സംസ്ഥാനത്ത് വൈദ്യുതി വാഹനങ്ങളുടെ തുടക്ക കാലഘട്ടത്തിൽ മേൽപ്രസ്ഥാപിച്ച പ്രകാരം ഒരു ചാർജിംഗ് സ്റ്റേഷൻ ശൃംഖല കെ.എസ്.ഇ.ബി.എൽ. ഒരുക്കിയത്. ഇന്നത്തെ നിലയിൽ 3 ലക്ഷത്തോളം വൈദ്യുതി വാഹനങ്ങളും കെ.എസ്.ഇ.ബി.എൽ.-ന്റേത് അല്ലാതെ 1000-ൽ പരം ചാർജിംഗ് സംവിധാനങ്ങളും സംസ്ഥാനത്ത് നിലവിലുണ്ട്.<br><br>അനുദിനം സാങ്കേതികവിദ്യയിൽ വളരെയധികം മാറ്റം സംഭവിക്കുകയും വൈദ്യുതി വാഹനങ്ങളുടെ എണ്ണം വർദ്ധിച്ചു വരികയും ചെയ്യുന്ന ഇന്നത്തെ സാഹചര്യത്തിൽ ചാർജിംഗ് ഇൻഫ്രാസ്ട്രക്ചർ നവീകരണവുമായി ബന്ധപ്പെട്ട് കെ.എസ്.ഇ.ബി.എൽ. ഇതുവരെ സ്ഥാപിച്ചിട്ടുള്ള ഫാസ്റ്റ് ചാർജിംഗ് സ്റ്റേഷനുകൾ എല്ലാം തന്നെ പുത്തൻ സാങ്കേതിക വിദ്യകളോട് കൂടിയ ചാർജറുകളും ആധുനിക സൗകര്യങ്ങളും ചേർത്ത് നവീകരിക്കാനും 'റിഫ്രഷ് ആൻഡ് റീചാർജ്' എന്ന പേരിൽ പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കാനുമുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |
| (ബി) | ആട്ടോമൊബൈൽ ചാർജ്ജിംഗ് ഇൻഫ്രാസ്ട്രക്ചർ നവീകരണ രംഗത്ത് ആധുനിക സാങ്കേതിക വിദ്യ | (ബി) | **കെ.എസ്.ഇ.ബി.എൽ.** |

| | | | |
|---|---|---|---|
| | നടപ്പാക്കുന്നത് പരിഗണനയിലുണ്ടോ; ചെറിയ വാഹനങ്ങളുടെ ബാറ്ററി സ്വാപ്പിംഗ് സാധ്യമാക്കുന്നത് പരിഗണിക്കുമോ ; വിശദവിവരം ലഭ്യമാക്കുമോ; | | കെ.എസ്.ഇ.ബി.എൽ.-ന്റെ ഉടമസ്ഥതയിലുള്ള വൈദ്യുതി വാഹന ചാർജിംഗ് സ്റ്റേഷനുകളിൽ സുഗമമായ ചാർജിംഗിനും വിശ്രമത്തിനും ഒരു പോലെ അവസരം ഒരുക്കുന്നതിനായി റിഫ്രഷ് & റീച്ചാർജ് (Refresh & Recharge) പദ്ധതി പൊതു സ്വകാര്യ പങ്കാളിത്തത്തിൽ നടപ്പിലാക്കാനുള്ള നടപടി സ്വീകരിച്ചുവരുന്നു. കെ.എസ്.ഇ.ബി.എൽ. ഇതുവരെ സ്ഥാപിച്ചിട്ടുള്ള 63 ഫാസ്റ്റ് ചാർജിംഗ് സ്റ്റേഷനുകൾ എല്ലാം തന്നെ പുത്തൻ സാങ്കേതികവിദ്യയിലുള്ള **CCS 2** ചാർജിംഗ് ഉപകരണങ്ങൾ സ്ഥാപിച്ചുകൊണ്ട് കുറഞ്ഞത് നാല് വാഹനങ്ങൾ ഒരേ സമയം ചാർജ് ചെയ്യാൻ കഴിയുന്ന രീതിയിലുള്ള നവീകരണമാണ് ലക്ഷ്യമിടുന്നത്. കൂടാതെ, മൊബൈൽ ആപ്പുകൾ ഒഴിവാക്കികൊണ്ടുള്ള പേയ്മെന്റ് സംവിധാനങ്ങളും ഒരുക്കുന്നതാണ്. പദ്ധതിക്കായി E-tender ക്ഷണിച്ചിട്ടുണ്ട്. ബാറ്ററി സ്വാപ്പിംഗ് നിലവിൽ കെ.എസ്.ഇ.ബി.എൽ.-ന്റെ പരിഗണനയിൽ ഇല്ല.<br><br>**<u>അനെർട്ട്</u>**<br><br>ചാർജിംഗ് ഇൻഫ്രാസ്ട്രക്ചർ നവീകരണവുമായി അനെർട്ടിന് ബന്ധമില്ല. ചെറിയ വാഹനങ്ങളുടെ ബാറ്ററി സ്വാപ്പിങ് സാധ്യമാക്കുന്നത് പരിഗണനയിൽ ഇല്ല. ഇതിനുള്ള പ്രധാന കാരണം ഇലക്ട്രിക്ക് സ്കൂട്ടറുകളുടെയും, ഇലക്ട്രിക്ക് ഓട്ടോകളുടെയും സ്വാപ്പിങ് ബാറ്ററികളുടെ സ്പെസിഫിക്കേഷനും, സൈസ്, കപ്പാസിറ്റി എന്നിവ common അല്ലാത്തതിനാൽ നിലവിൽ ചെറിയ വാഹനങ്ങളുടെ ബാറ്ററി സ്വാപ്പിങ് പദ്ധതി നടപ്പിലാക്കുന്നതിന് പ്രായോഗിക ബുദ്ധിമുട്ടുണ്ട്. |
| (സി) | വൈദ്യുതി വാഹനരംഗത്ത് കൂടുതൽ നിക്ഷേപം ആകർഷിക്കുന്നതും വൈദ്യുത വാഹനങ്ങൾ സാർവത്രികമാക്കുന്നതും ലക്ഷ്യമിട്ട് കേന്ദ്ര സർക്കാർ പുറത്തിറക്കിയ പുതിയ ഇ. വി. നയം 2025 പ്രാബല്യത്തിൽ വരുന്നതോടുകൂടി സംസ്ഥാനത്തുണ്ടായേക്കാവുന്ന അധിക വൈദ്യുതിയുടെ ആവശ്യകത പഠനവിധേയമാക്കിയിട്ടുണ്ടോ; വിശദമാക്കുമോ? | (സി) | വൈദ്യുതി വാഹന രംഗത്ത് സംസ്ഥാനത്ത് അടുത്ത അഞ്ചുവർഷം ഉണ്ടായേക്കാവുന്ന അധിക വൈദ്യുതിയുടെ ആവശ്യകത വിലയിരുത്തുന്നതിനായി കെ.എസ്.ഇ.ബി.എൽ.-ന്റെ EV ആക്സിലറേറ്റർ സെൽ പഠനം നടത്തുകയും റിപ്പോർട്ട് പ്രസിദ്ധീകരിക്കുകയും ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ